24

# “ഞാൻ വിശ്വസിക്കുന്നു”

## (11:1- 57)

*ഗ്രന്ഥകർത്താവിന്റെ കുറിപ്പ്: താഴെ കൊടുത്തിരിക്കുന്നത് അവതരിപ്പിക്കുന്നതിന് ഒരാഴ്ച്ചമുൻപ്, ജെയ്മി ഗോവൻ, ഇവിടുത്തെ സഭയിലെ അംഗമായ, 23 - വയസ്സ് - പ്രായമുള്ള ഒരാൾ, ഹാർഡിങ് യൂണിവേഴ്സിറ്റിയിലെ ബെൻസൻ ആഡിറ്റോറിയത്തിന്റെ മുകളിൽ നിന്ന് വീണു. അയാൾ ഉയർന്ന നിലയിലേക്ക് കയറുമ്പോൾ, അയാളുടെ കൈകൾ പിടിവിട്ടുപോകയും കനം കുറഞ്ഞ മച്ചിന്റെ ഓടുവഴി അൻപത‌ടി താഴെയുള്ള ഉറച്ച തറയിൽ പതിച്ചു. വിവരിക്കാനാവാത്ത വിധത്തിൽ ആ ഭയങ്കര വീഴ്ചയിൽ അയാൾ രക്ഷപ്പെട്ടു, ദൈവത്തിന് നന്ദി, മൂന്നു ദിവസം കഴിഞ്ഞ് അയാൾ ആസ്പത്രിയിൽ നിന്ന് വീട്ടിലേക്ക് മടങ്ങിവന്നു. ഇപ്പോൾ അയാൾ പൂർണ്ണ ആരോഗ്യവാനാണ്, എന്നാൽ പല ദിവസങ്ങളോളം ആ ഭയാനകമായ അപകടം ഞാൻ ഓരോ ഞായറാഴ്ച്ചയും ആ ഇടവകയിൽ പ്രസംഗിക്കുമ്പോൾ എന്നെ അലട്ടിയിരുന്നു. ആ ഭയാനകമായ ആഴ്ച്ചയ്ക്കുശേഷം, ഇടവക ജെയ്മിയുടെ ജീവൻ രക്ഷിച്ച ദൈവത്തിന് പ്രത്യേക നന്ദിയർപ്പിക്കുവാൻ കൂടിവന്നിരുന്നു. അതിന്റെ ഫലമായി, ആ ധ്യാന - രീതിയിലുള്ള പ്രസംഗം അഞ്ചു ഭാഗങ്ങളായി തിരിക്കുകയും പ്രത്യേക പാട്ടുകൾ ഈ വേദഭാഗത്തിലെ സത്യത്തെ ഉൾക്കൊള്ളിച്ചുള്ളതാണ്.*

---

സ്നേഹം എല്ലായ്പ്പോഴും വീണ്ടും ആരംഭിക്കുന്നതാണ്! ഒരാൾ സ്നേഹത്തെ അറിയുന്നത് ഒരു അമ്മ തന്റെ കുഞ്ഞിനെ മാറോടണച്ച് സുരക്ഷിതമായി പിടിക്കുന്നതുപോലെയാണ്. ഒരു ചെറിയ പെൺകുട്ടി സ്നേഹത്തെ അറിയുന്നത് അവളുടെ യുവ - പ്രായത്തിലുള്ള പ്രണയത്തിലൂടെയാണ്. ഒരു പുരുഷൻ അന്തിമ സ്നേഹം കണ്ടെത്തുന്നത് താൻ ആഗ്രഹിക്കുന്ന സ്ത്രീയെ വിവാഹം കഴിക്കുവാൻ കണ്ടെത്തുമ്പോഴാണ്. സ്നേഹം പൂർണ്ണമാണ് എന്നു തോന്നുന്നത് കുട്ടികളെ തങ്ങളുടെ രക്ഷകർത്താക്കൾ കൈകളിൽ വഹിക്കുമ്പോഴാണ്. ആരെങ്കിലുമായി ഭയങ്കര വിവാദത്തിലേർപ്പെടുമ്പോൾ ആണ് വാസ്തവത്തിൽ ഉള്ള

സ്നേഹത്തെ നാം കണ്ടെത്തുന്നത് എന്ന് ചിന്തിക്കാറുണ്ട്, അതെല്ലായ്പ്പോഴും, ആരംഭമാണ് എന്ന് തോന്നുന്നു.

## വിശ്വാസം എല്ലായ്പ്പോഴും ആരംഭിക്കുന്നതാണ് (11:15)

വിശ്വാസം സ്നേഹംപോലെ, അതും എല്ലായ്പ്പോഴും ആരംഭിക്കുന്നു. ഉദാഹരണമായി, സുവിശേഷത്തിൽ, ശിഷ്യന്മാർ 11-ാം അധ്യായത്തിൽ നാം എത്തുമ്പോഴേക്കും ശിഷ്യന്മാർ യേശുവിലുള്ള വിശ്വാസത്തിലെത്തികഴിഞ്ഞിരുന്നു. ആന്ത്രയോസ് യോഹന്നാൻ സ്നാപകനെ വിട്ട് യേശുവിനെ അനുഗമിച്ച ദിവസം തന്നെ അവൻ യേശുവിൽ വിശ്വസിച്ചിരുന്നു (1:41), ഫിലിപ്പോസിനെ യേശു വിളിച്ച ദിവസം തന്നെ അവൻ യേശുവിൽ വിശ്വസിക്കുകയും (1:45), നഥനേയൽ യേശു അവനെ അത്തിയുടെ കീഴിൽ കണ്ടു എന്നു പറഞ്ഞപ്പോൾ അവൻ യേശുവിൽ വിശ്വസിച്ചിരുന്നു (1:49). കാനാവിലെ കല്യാണവിരുന്നിൽ യേശു വെള്ളം വീഞ്ഞാക്കിമാറ്റിയപ്പോൾ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു (2:11). പത്രൊസും മറ്റു അപ്പൊസ്തലന്മാരും 5000 പേരെ പോഷിപ്പിച്ചത് കാണുകയും ജീവന്റെ അപ്പമെന്ന പ്രസംഗം കേൾക്കുകയും ചെയ്തപ്പോൾ വിശ്വസിച്ചിരുന്നു (6:69). ഈ വിശ്വാസപ്രസ്താവനകൾക്കുശേഷവും, യേശു ലാസറിനെ സന്തോഷത്തോടെ ഉയിർപ്പിച്ച ശേഷം അത് അവർക്കു വിശ്വാസം ഉണ്ടാകേണ്ടതിനായിരുന്നു (11:15)!

വിശ്വാസം അതുപോലെ - എപ്പോഴും ആരംഭിക്കുന്നു. നമ്മിൽ പലരും, ഒരു പരിധിവരെ വിശ്വസിച്ചുകഴിഞ്ഞവരാണ്. പിന്നെ, ഒരുദിവസം, ജീവിതത്തിൽ മാറ്റമുണ്ടാകുന്ന എന്തെങ്കിലും സംഭവിക്കുമ്പോൾ നാം മുൻപ് കണ്ടതുപോലെയല്ല വിശ്വാസത്തെ വീണ്ടും കാണുന്നത്. ഈ നേരിടൽ ഒരനുഗ്രഹമായിരിക്കാം, അല്ലെങ്കിൽ ഒരു പരീക്ഷണമാകാം, ഒരു കുട്ടിയുടെ ജനനം അല്ലെങ്കിൽ 50 - അടി താഴേക്കു വീഴൽ ആയിരിക്കാം. പെട്ടെന്ന്, നാം എല്ലാം മാറുന്നതായി കാണുന്നു, വിശ്വാസം വീണ്ടും ആരംഭിക്കുന്നതായി തോന്നുന്നു!

ഇന്ന്, യോഹന്നാന്റെ സുവിശേഷം നമ്മെ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്യുന്നു (20:31). നമ്മിൽ പലരും ആ വിളികേട്ട് ചിന്തിക്കുന്നത്, "ഞാൻ വിശ്വസിച്ചുകഴിഞ്ഞുവല്ലോ." എങ്ങനെയായാലും, നാം കേട്ട് അന്വേഷിച്ച് പിൻപറ്റുമ്പോൾ വിശ്വാസം നമ്മിൽ ആരംഭിക്കുന്നതായി കാണാം!

"*അയാം പ്രെസ്സിങ് ഓൺ ദ അപ്‌വേർഡ് വേ*" *എന്ന ഗാനം വിശ്വാസം വളർത്തുന്നതാണ്.*

## വിശ്വാസം വാഗ്ദാനം നിറഞ്ഞതാണ് (11:25, 26, 40)

ബേഥാന്യയ്ക്കുപുറത്ത് മാർത്ത യേശുവിനെ കണ്ടപ്പോൾ അവളുടെ സഹോദരനെ അടക്കിയിട്ട് നാലുദിവസം കഴിഞ്ഞിരുന്നു. യേശു അവിടെ ഉണ്ടായിരുന്നുവെങ്കിൽ, അവൻ മരിക്കയില്ലായിരുന്നു എന്നാണ് അവൾ കരഞ്ഞുപറഞ്ഞത്. അവരുടെ ദുഃഖത്തോട് പ്രതികരിച്ച്, യേശു

പറഞ്ഞു, **"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും, ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവനാരും ഒരുനാളും മരിക്കയില്ല. ഇത് നീ വിശ്വസിക്കുന്നുവോ എന്നു പറഞ്ഞു?" (**11:25, 26**).** യേശുവിന്റെ വാക്കുകൾ വിശ്വസിക്കുവാൻ ശക്തമായ പ്രേരണ നല്കുന്നതാണ്. വിശ്വാസമെന്നത് പ്രയാസമുള്ള പ്രവൃത്തിയും, മടിയനായ ഒരു വ്യക്തി അത് പ്രായോഗികമാക്കാതിരിക്കുകയും ചെയ്യുന്നു. നാം വിശ്വസിക്കുവാൻ ആഗ്രഹിക്കുന്നതുകൊണ്ട് വിശ്വസിക്കുന്നില്ല, എന്നാൽ നാം വിശ്വസിക്കുവാൻ ആഗ്രഹിക്കാത്തത് ഒരിക്കലും വിശ്വസിക്കുകയില്ല. വിശ്വാസത്തിൽ സമർപ്പണം, അനുസരണം, ത്യാഗം, പലപ്പോഴും, കണ്ണുനീരും ഉൾപ്പെട്ടേക്കാം. എങ്ങനെയായാലും, വിശ്വസിക്കുന്നവർക്ക് സമർത്ഥമായ വാഗ്ദാനമുണ്ട്.

ഇക്കാര്യത്തിൽ, വിശ്വാസം എന്നത് കോളേജിലെ പ്രയാസമുള്ള പ്രവൃത്തിപോലെയാണ്; വിദ്യാർത്ഥി കഠിനമായി അദ്ധ്വാനിക്കുവാൻ കാരണം നല്ല ജോലി കിട്ടുമെന്ന വാഗ്ദാനമാണ്. ജോലി സ്ഥാപനത്തിൽ ഒരാൾ കഠിന ജോലി ചെയ്യുന്നത് ശമ്പളകൂടുതലിനോ അല്ലെങ്കിൽ ജോലിക്കയറ്റത്തിനോ ആണ്. അതിൽ ഒരു തെറ്റും വരുത്തുന്നില്ല: വിശ്വാസം പ്രതിഫലം സമ്പാദിക്കുന്നതല്ല, എന്നാൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ നീണ്ട, പ്രയാസമുള്ള, ചിലപ്പോൾ വിശ്വാസയാത്ര പരിശ്രമിക്കുന്ന ഒന്നിന് പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്.

*വിശ്വാസത്തെക്കുറിച്ചുള്ള ഗാനം, ആണ്* **"***മൈ ഫെയ്ത്ത് ലുക്ക്സ് അപ് റ്റു ദീ.***"**

## വിശ്വാസം യേശുവിൽ കേന്ദ്രീകരിക്കുന്നു (11:27, 42)

യോഹന്നാന്റെ വിശ്വാസം നമ്മെ യേശുവിലുള്ള വിശ്വാസത്തിലേക്ക് നയിക്കുന്നു. നമുക്കാവശ്യം രക്ഷകർത്താക്കളുടെ വിശ്വാസമല്ല, അപ്പൊസ്തലന്മാരിലുള്ള വിശ്വാസമല്ല, മറ്റു ക്രിസ്ത്യാനികളിലുള്ള വിശ്വാസമല്ല, സഭയിലുള്ള വിശ്വാസമല്ല, അല്ലെങ്കിൽ വിശ്വാസത്തിലുള്ള വിശ്വാസവുമല്ല. മറിച്ച്, യേശുവിലുള്ള വിശ്വാസമാണ് ആവശ്യം.

വിശ്വാസത്തെക്കുറിച്ച് മാർത്തയുടെ ശക്തമായ പ്രസ്താവനയിൽ, അവൾ യേശുവിനോടു പറഞ്ഞു, **"... കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നെ** *എന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു***" (**11:27; എംഫസിസ് മൈൻ**).** പിന്നീട് യേശുവും, ശിഷ്യന്മാരും, മാർത്തയും, മറിയയും, കരയുന്നവരായ യെഹൂദന്മാരും ലാസറിന്റെ കല്ലറെക്കൽ നിന്നപ്പോൾ, യേശു പിതാവിനോട്, പ്രാർത്ഥിച്ചു, **"ഞാൻ നിന്നെ വാഴ്ത്തുന്നു, നീ എപ്പോഴും എന്റെ അപേക്ഷ കേൾ ക്കുന്നു എന്ന് ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചു എന്ന് ചുറ്റും നിൽക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന് അവരുടെ നിമിത്തം ഞാൻ പറയുന്നുവെന്ന് പറഞ്ഞു" (**11:42**).** ഇത് മറ്റ് സുവിശേഷങ്ങളിലെ പോലെ സ്ഥിരമാണ്, അവിടെ ഉദ്ദേശ്യം വിശ്വാസം ഉണ്ടാകേണ്ടതിന് **"അവൻ ദൈവപുത്രനായ, ക്രിസ്തുവാണ് യേശു എന്ന്" (**20:31**).**

ആഫ്രിക്കയിൽ മിഷ്ണറിയായി അനേകം പേരെ പഠിപ്പിക്കയും സ്നാനപ്പെടുത്തുകയും ചെയ്ത വ്യക്തിയായിരുന്നു ജോൺ പാറ്റൻ. താൻ ഉപദേശിച്ച ആളുകൾക്കു അവരുടെ ഭാഷയിൽ ബൈബിൾ ലഭ്യ മല്ലായിരുന്നതുകൊണ്ടു, പാറ്റൻ വളരെ പ്രയാസപ്പെട്ടു ബൈബിൾ പരി ഭാഷ ചെയ്യുവാൻ തുടങ്ങി. "വിശ്വസിക്കുക" എന്ന വാക്കിൽ എത്തു ന്നതുവരെ തർജ്ജിമ അഭംഗുരം തുടർന്നു. അസാധാരണമെന്നപോ ലെ, ആ ഭാഷയിൽ "വിശ്വസിക്കുക" എന്നതിന് വാക്കില്ല. "വിശ്വസി ക്കുക" എന്ന വാക്കില്ലാതെ ബൈബിൾ എങ്ങനെ തർജ്ജിമ ചെയ്യു വാൻ സാധിക്കും?

പിന്നെ, ഒരു ദിവസം പാറ്റൻ ഭാഷയുടെ ഈ പ്രശ്നത്തിൽ വൈഷ മ്യം നേരിട്ടുകൊണ്ടിരുന്നപ്പോൾ, ഗ്രാമത്തിലുള്ള ഒരു ക്രിസ്ത്യാനി അദ്ദേഹത്തെ സന്ദർശിക്കുവാൻ വന്നു. ആ ദിവസം മുഴുവൻ അദ്ധ്വാ നിച്ചു ക്ഷീണിച്ചാണ് ആ മനുഷ്യൻ വന്നിരിക്കുന്നത്. അയാൾ അവിടെ കിടന്ന കസേരയിൽ ക്ഷീണിതനായി ഇരുന്നുകൊണ്ടുപറഞ്ഞു, "നി ങ്ങളുടെ ഭാരം മുഴുവൻ എവിടെയെങ്കിലും ചാരുന്നതു എത്ര നല്ലത്." പാറ്റനു "വിശ്വസിക്കുക" എന്ന വാക്കിന്റെ പ്രയോഗം തിരിച്ചറിയുവാൻ കഴിഞ്ഞു: വിശ്വസിക്കുക എന്നാൽ "നിങ്ങളുടെ ഭാരം മുഴുവൻ യേശു വിൽ വെക്കുക" എന്നതാണ്.[1] വിശ്വാസം യേശുവിലാണ് കേന്ദ്രീകരി ക്കേണ്ടതു, മറ്റൊന്നിലുമല്ല.

*"ഞാൻ യേശുവിൽ വിശ്വസിക്കുന്നു" എന്നതാണ് വിശ്വാസത്തെ സംബന്ധിച്ച ഗാനം.*

**വിശ്വാസം ദൈവികമാണ് (11:45, 46)**

ലാസറിന്റെ കല്ലറക്കു പുറത്തുനിന്ന ആളുകൾ അവൻ ജീവനോ ടെ, നടന്നുവരുന്നതു കണ്ടപ്പോൾ, അവർക്കു ലഭിച്ചതു ഒഴിച്ചുകൂടാ നാവാത്ത ഒന്നാണ്. ലാസർ മരിച്ചതും അടക്കത്തിനുള്ള ഏർപ്പാടു ചെയ്തതും, കല്ലറയിൽ അവന്റെ ശരീരം അടക്കിയതും, ഗുഹയുടെ വാതില്ക്കൽ കല്ലു എടുത്തു വെച്ചതും കണ്ടവരായിരുന്നു അവർ. പിന്നെ യേശുവിന്റെ അത്ഭുതത്താൽ ലാസർ എഴുന്നേറ്റുവരുന്നതു അതേ ആളുകൾ കണ്ടു! അവർ വിശ്വസിക്കുമോ? അവർക്കു ഇപ്പോൾ ഒരു തീരുമാനം എടുക്കാതിരിപ്പാൻ നിർവ്വാഹമില്ല.

അന്നു അത്ഭുതം കണ്ട ആളുകൾക്കിടയിൽ ഒരു ഭിന്നത ഉണ്ടായ തായി യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു:

> മറിയയുടെ അടുക്കൽ വന്ന യെഹൂദന്മാരിൽ പലരും അവൻ ചെയ്തതു കണ്ടിട്ടു അവനിൽ വിശ്വസിച്ചു. എന്നാൽ ചിലർ പരീശ ന്മാരുടെ അടുക്കൽ പോയി യേശു ചെയ്തതു അവരോടു അറിയിച്ചു (11:45, 46).

അതിശയകരമായി, ഒരേ സംഭവമാണ് ആ ആളുകൾ കണ്ടതു, പക്ഷെ പ്രതികരിച്ചതു വിരുദ്ധരീതിയിലാണ്. ദൈവശക്തിയാണ് തങ്ങൾ കണ്ടതു എന്നു ചിലർ തിരിച്ചറിഞ്ഞു, അതുകൊണ്ടു അവർ അന്നു

തങ്ങളുടെ വിശ്വാസം യേശുവിൽ സമർപ്പിച്ചു. മറ്റുള്ളവർ അതിനെ കണ്ടതു "പരദൂഷണത്തിനുള്ള" സന്ദർഭമായിട്ടാണ്, അതുകൊണ്ടു അവർ യെരുശലേമിലേക്കുഓടി യേശു ആളുകളെ ഇളക്കിയതായി യെഹൂദ പ്രമാണിമാരോടു പറഞ്ഞു. അന്നു അവിടെ സംഭവിച്ച ഭിന്നത അപ്രധാന്യമുള്ളതായിരുന്നില്ല. മറിച്ചു, യേശുവിന്റെ സംഭവങ്ങളിലെല്ലാം ഭിന്നത സ്വാഭാവികമായി ഉണ്ടാകുന്നുണ്ട്: ആളുകൾ യേശുവിനെക്കുറിച്ചു കേൾക്കുമ്പോൾ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ, അവർ ഒരു തീരുമാനം എടുക്കുവാൻ നിർബ്ബന്ധിതരാകുന്നു. രണ്ടിനും മദ്ധ്യേ ഒന്നില്ല.

യേശുവും അപ്പൊസ്തലനായിരുന്ന യോഹന്നാനും ഒരു തീരുമാനം എടുക്കുവാൻ നമ്മെയും നിർബ്ബന്ധിക്കുന്നുണ്ട്. യേശു, വാസ്തവത്തിൽ ദൈവപുത്രനായിരുന്നുവോ, അതോ അവൻ കപടവേഷക്കാരൻ ആയിരുന്നുവോ? ഒന്നുകിൽ അവൻ ദൈവം അല്ലെങ്കിൽ, മരണ ശിക്ഷ ലഭിക്കാവുന്ന ദൈവദൂഷകൻ. നിങ്ങളുടെ തീരുമാനം എന്താണ്?

*സമർപ്പണത്തെ സംബന്ധിച്ച, പാട്ടാണ് "ഞാൻ യേശുവിനെ പിൻപറ്റുവാൻ തീരുമാനിച്ചു."*

**വിശ്വാസം ഭീഷണിപ്പെടുത്തുന്നതാണ് (11:48)**

ലാസറിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം വഹിച്ചവരിൽ കുറെപ്പേർ യെരുശലേമിലെ മഹാപുരോഹിതന്മാരോടും പരീശന്മാരോടും നസ്രേത്തുകാരനായ ഉപദേഷ്ടാവു ചെയ്തതു അറിയിച്ചു. അവരുടെ വിവരം അറിയിച്ചപ്പോൾ, പരാതിപ്പെടുകയും ചെയ്തു, "അവനെ ഇങ്ങനെ വിട്ടേച്ചാൽ എല്ലാവരും അവനിൽ വിശ്വസിക്കും, റോമാക്കാരും വന്നു നമ്മുടെ സ്ഥലത്തെയും ജനത്തെയും എടുത്തുകളയും എന്നു പറഞ്ഞു" (11:48). യേശുവിലുള്ള വിശ്വാസം ആളുകളുടെ ജീവിതത്തെ മാറ്റും എന്നവർ തിരിച്ചറിഞ്ഞു. കുടുംബങ്ങളെ, എന്തിനേറെ, ഒരു ദേശത്തെ തന്നെ മാറ്റിക്കളയും. ഒരു പക്ഷെ – മിക്ക ക്രിസ്ത്യാനികളെക്കാളും ശ്രേഷ്ഠമായി – വിശ്വാസം എത്ര "അപകടകരം" ആണെന്നു അവർ തിരിച്ചറിഞ്ഞു. സ്നേഹത്തെക്കുറിച്ചു ഒരു പഴയ പാട്ടുണ്ട് "അതു നിങ്ങളെ ഉയർത്തും, ഒരിക്കലും താഴ്ത്തുകയില്ല, അതു നിങ്ങളുടെ ലോകത്തെ കീഴ്മേൽ മറിക്കും." യേശുവിലുള്ള വിശ്വാസവും അങ്ങനെയാണെന്നു പറയാം.

വിശ്വാസത്തെക്കുറിച്ചു ഇന്നു കുറച്ചുമാത്രമേ പ്രതീക്ഷിക്കുവാൻ കഴിയുന്നുള്ളൂ. പല ക്രിസ്ത്യാനികളും വിശ്വാസത്തെ എളുപ്പമാക്കി മൃദുവാക്കി, ആവശ്യപ്പെടാത്തതും ആക്കി വരികയാണ്. വിൽബർ റീസ് ഈ മനോഭാവത്തെ താഴെ കാണുന്ന പരിഹാസ്യ ഖണ്ഡികയായി പ്രകടിപ്പിച്ചു:

> ദയവു ചെയ്തു, $3 വിലയുള്ള എന്റെ ആത്മാവിനെച്ചലിപ്പിക്കാത്ത, ഉറക്കം കെടുത്താത്തതോ ആയ ദൈവത്തെ വാങ്ങുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്, എന്നാൽ അതു ഒരു കപ്പു ചൂടുപാൽ കുടിക്കുന്നതുപോലെ, സൂര്യപ്രകാശത്തിൽ തണുത്ത പാനീയം കുടിക്കു

> ന്നതുപോലെ ആണ്. സ്നേഹിക്കുവാൻ പ്രേരിപ്പിക്കയോ, ഒരു കറുമ്പനെ ഉൾക്കൊള്ളുവാനോ അല്ല, എനിക്കു പരിവർത്തനമല്ല, അമിതാവേശമാണ് വേണ്ടതു; എനിക്കു വീണ്ടും ജനനമല്ല, ഗർഭപാത്രത്തിന്റെ ചൂടാണ് വേണ്ടത്. എനിക്ക് ഒരു പേപ്പർ ചാക്കിൽ ഒരു പൗണ്ടു നിത്യമാണ്. $3 വിലയുള്ള ദൈവമാണ്, ദയവുചെയ്ത് എനിക്കു വേണ്ടത്.[2]

യേശു വിളിക്കുന്ന വിശ്വാസത്തിലെത്തിയാൽ നമ്മുടെ ജീവിതം പൂർണ്ണമായി മാറിയേക്കാം. യേശുവിനെ അനുഗമിക്കുന്നതിനുള്ള വില എന്തെന്നു നാം മനസ്സിലാക്കുവാൻ യോഹന്നാൻ ആഗ്രഹിക്കുന്നു. നാം കഷ്ടം ഏല്ക്കേണ്ടിവന്നേക്കാം, നാം ഉപദ്രവിക്കപ്പെട്ടേക്കാം, നമുക്കു സ്വന്തമായതെല്ലാം നഷ്ടമായേക്കാം. നാം മറ്റുള്ളവയെ വിശ്വാസത്തിലെ വാഗ്ദാന ധനത്തെ താരതമ്യം ചെയ്താൽ അതിന്റെ വില അപ്രധാനമാണെന്നു കാണാം!

*വിശ്വാസത്തെ സഹിക്കുന്നതായ, ഗാനമാണ്* "*നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം*" *എന്നത്.*

---

കുറിപ്പുകൾ

[1]കിങ് ഡങ്കൻ, "വിശ്വാസം," *ഡയനമിക് ഇല്ലർസ്റ്റേഷൻസ്* (നോക്സ്‌വില്ലേ, ടെന്നസി.: സെവൻ വേൾഡ്സ് പ്രെസ് ജനുവരി / ഫെബ്രുവരി 1995). [2]ക്വോട്ടഡ് ഇൻ ചാൾസ് സ്വിന്റൽ, *ഇമ്പ്രൂവിങ് യുവർ സെർവ്* (വാക്കോ, ടെക്സസ്.: വേഡ് പബ്ലിഷിങ് കമ്പനി, 1981), 29.

© 2009 Truth for Today